# പ്രധാനമന്ത്രി യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമുമായി കൂടിക്കാഴ്ച നടത്തി

ഫെബ്രുവരി 14, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമുമായി 2024 ഫെബ്രുവരി 14-ന് ദുബായിൽ വച്ച് കൂടിക്കാഴ്ച നടത്തി.

2. വ്യാപാരം, നിക്ഷേപം, സാങ്കേതികവിദ്യ, ബഹിരാകാശം, വിദ്യാഭ്യാസം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവ ഉൾപ്പെടെ ഉഭയകക്ഷി സഹകരണത്തിന്റെ വിവിധ മേഖലകൾ സംബന്ധിച്ച് ഇരു നേതാക്കളും ചർച്ച നടത്തി. ഇന്ത്യയും യുഎഇയും തമ്മിൽ അതിവേഗം വളരുന്ന സാമ്പത്തിക, വാണിജ്യ ബന്ധങ്ങളിൽ നേതാക്കൾ സംതൃപ്തി പ്രകടിപ്പിക്കുകയും സമഗ്ര സാമ്പത്തിക പങ്കാളിത്ത ഉടമ്പടി വഹിക്കുന്ന പ്രധാന പങ്കിനെ പ്രത്യേകം അംഗീകരിക്കുകയും ചെയ്തു. ഉഭയകക്ഷി നിക്ഷേപ ഉടമ്പടി ഒപ്പിട്ടതിനെ ഇരുവരും സ്വാഗതം ചെയ്യുകയും ചെയ്തു.

3. ദുബായിൽ താമസിക്കുന്ന ഇന്ത്യൻ സമൂഹത്തോടുള്ള അനുഭാവ പൂർണ്ണമായ സമീപനത്തിന് പ്രധാനമന്ത്രി ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിനെ പ്രധാനമന്ത്രി നന്ദി അറിയിച്ചു. വ്യാപാരം, സേവനങ്ങൾ, വിനോദ സഞ്ചാരം എന്നിവയുടെ ആഗോള കേന്ദ്രമായുള്ള ദുബായിയുടെ മാറ്റത്തിൽ ഇന്ത്യൻ പ്രവാസികൾ നൽകുന്ന സംഭാവനയെ ഇരു നേതാക്കളും അനുസ്മരിച്ചു.

4. ഇന്ത്യൻ ബ്ലൂകോളർ തൊഴിലാളികൾക്ക് താങ്ങാവുന്ന ചെലവിൽ ആരോഗ്യ പരിചരണ സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്ന ദുബായിൽ ഒരു ഇന്ത്യൻ സമൂഹ ആശുപത്രിക്ക് സ്ഥലം അനുവദിച്ചതിന് പ്രധാനമന്ത്രി ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദിനെ പ്രധാനമന്ത്രി നന്ദി അറിയിച്ചു.

5. സൗകര്യപ്രദമായ തീയതിയിൽ ഇന്ത്യ സന്ദർശിക്കാൻ പ്രധാനമന്ത്രി ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിനെ പ്രധാനമന്ത്രി ക്ഷണിച്ചു.

**ദുബായ്**
**ഫെബ്രുവരി 14, 2024**